**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 390** **29-01-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് നിലവിലുള്ള ബാറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 2016 ലെ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് എത്ര ബാറുകൾ പ്രവർത്തിച്ചിരുന്നുവെന്നും പ്രസ്തുത സർക്കാരിന്റെ കാലാവധി പൂർത്തീയായപ്പോൾ സംസ്ഥാനത്ത് എത്ര ബാറുകൾ പ്രവർത്തിച്ചിരുന്നുവെന്ന തിന്റെയും കണക്ക് ലഭ്യമാക്കാമോ; ; | (എ) | 2016-ലെ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് 29 ബാർ ഹോട്ടലുകളും 813 ബിയർ/ വൈൻ പാർലറുകളും പ്രവർത്തിച്ചിരുന്നു. ബിയർ/ വൈൻ പാർലറുകളായി മാറ്റിയ ബാർ ഹോട്ടലുകളിൽ 3 സ്റ്റാറോ അതിന് മുകളിലോ ക്ലാസിഫിക്കേഷൻ നേടിയ 442 ഹോട്ടലുകൾക്ക് പുതുക്കിയ അബ്കാരി പോളിസിയിലെ വ്യവസ്ഥകൾക്ക് വിധേയമായി മുമ്പുണ്ടായിരുന്ന ബാർ ലൈസൻസ് പുതുക്കി നല്കിയിട്ടുള്ളതാണ്. കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ 200 ലൈസൻസുകൾ പുതുതായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാരിന്റെ കാലാവധി പൂർത്തിയായപ്പോൾ സംസ്ഥാനത്ത് 671 ബാർ ഹോട്ടലുകൾ പ്രവർത്തിച്ചിരുന്നു. |
| (ബി) | സംസ്ഥാനത്ത് നിലവിൽ എത്ര ബാറുകൾ പ്രവർത്തിക്കുന്നുവെന്നതിന്റെ കണക്ക് ലഭ്യമാക്കുമോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര ബാറുകളാണ് അനുവദിച്ചിട്ടുള്ളത് എന്നതിന്റെ ജില്ലാ അടിസ്ഥാനത്തിനുള്ള വിശദാംശം നൽകുമോ? | (ബി) | സംസ്ഥാനതത്ത് നിലവിൽ 801 ബാർ ഹോട്ടലുകൾ പ്രവർത്തിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ 97 ബാർ ലൈസൻസുകൾ പുതിയതായി അനുവദിച്ചിട്ടുള്ളതും, 3സ്റ്റാറോ അതിനുമുകളിലോ ക്ലാസിഫിക്കേഷൻ നേടിയ 33 ബിയർ & വൈൻ പാർലറുകൾക്ക് മുൻപുണ്ടായിരുന്ന ബാർലൈസൻസ് പുതുക്കി നൽകിയിട്ടുള്ളതുമാണ്. പുതുതായി അനുവദിച്ചിട്ടുള്ള 97 ബാർ ലൈസൻസുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| **ജില്ല** | **FL.03 ബാർ ലൈസൻസുകൾ** |
|---|---|
| തിരുവനന്തപുരം | 20 |
| കൊല്ലം | 8 |
| പത്തനംതിട്ട | 0 |
| ആലപ്പുഴ | 5 |
| കോട്ടയം | 7 |
| ഇടുക്കി | 2 |
| എറണാകുളം | 18 |
| തൃശ്ശൂർ | 14 |
| പാലക്കാട് | 7 |
| മലപ്പുറം | 2 |
| കോഴിക്കോട് | 5 |
| വയനാട് | 5 |
| കണ്ണൂർ | 4 |
| കാസർഗോഡ് | 0 |
| **ആകെ** | 97 |